"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയും മില്ലുടമയും തമ്മിലുള്ള കരാർലംഘനം - മില്ലുടമയുടെ ബാധ്യത തീർപ്പാക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദ്ദേശം നല്കി ഉത്തരവാകുന്നു.

---

ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്

സ.ഉ.(കൈ) നം.12/2022/F&CS

തിരുവനന്തപുരം, 23-07-2022

---

പരാമർശം:-

1. ശ്രീ. ദേവസ്യാ ജോസഫ് ബഹു. മുഖ്യമന്ത്രിയ്ക്കും ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയ്ക്കും 11.12.2017 ൽ സമർപ്പിച്ച നിവേദനം.
2. ബഹു. ഹൈക്കോടതിയുടെ 29.08.2017 ലെ Crl.M.C.No. 1667/2016 ൽ മേലുള്ള വിധിന്യായം.
3. IA 02/21 in OA 28/15 നമ്പർ കേസിന്മേൽ 09.09.2021 ലെ MSEF കൗൺസിലിന്റെ വിധി ന്യായം.
4. സപ്ലൈകോ എ.ജി.എം (പി &എ).യുടെ 02.03.2022 ലെ D30-34394/13 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ പദ്ധതിയുടെ ഭാഗമായി 2012-13 സീസണിൽ നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി സപ്ലൈകോയ്ക്ക് നൽകുന്നതിൽ സെന്റ് തോമസ് മോഡേൺ റൈസ് മിൽ ഉടമ ശ്രീ. ദേവസ്യാ ജോസഫും സപ്ലൈകോയും തമ്മിൽ കരാറിൽ ഏർപ്പെട്ടിരുന്നു. പ്രസ്തുത കരാറിൽ ലംഘനം ഉണ്ടായ വിഷയത്തിൽ പരിഹാരമുണ്ടാക്കുന്നതിന് പരാമർശം (1) പ്രകാരം ശ്രീ. ദേവസ്യാ ജോസഫ് സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് ശ്രീ. ദേവസ്യാ ജോസഫ് സപ്ലൈകോയ്ക്കെതിരെ MSEF കൗൺസിലിൽ ഫയൽ ചെയ്തിട്ടുള്ള IA 2/2021 in O.A 28/15 നമ്പർ കേസിൽ കൗൺസിൽ പുറപ്പെടുവിച്ച 09.09.2021 ലെ വിധി പ്രകാരം പരാതിക്കാരനായ ശ്രീ. ദേവസ്യാ ജോസഫിന് 36,49,162/- (മുപ്പത്തിയാറു ലക്ഷത്തി നാല്പത്തിയൊൻപതിനായിരത്തി നൂറ്റിഅറുപത്തിരണ്ടു രൂപ മാത്രം) രൂപയും 01.10.13 മുതൽ ആർ.ബി.ഐ നിശ്ചയിച്ചിട്ടുള്ള ബാങ്ക് റേറ്റിന്റെ മൂന്നിരട്ടി കൂട്ടുപലിശയും ഉൾപ്പെടെ അനുവദിച്ച് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി വിധിക്കെതിരെ സപ്ലൈകോ പരാമർശം (4) പ്രകാരം അപ്പീൽ OP (Arb) 98/2021 ഫയൽ ചെയ്യുകയും ചെയ്തിട്ടുള്ളതുമാണ്.

2) 2012-13 കാലഘട്ടത്തിലാണ് നെല്ല് സംഭരണം നടന്നത്. സപ്ലൈകോയും മില്ലുടമയും തമ്മിൽ തുടർച്ചയായുണ്ടായ വ്യവഹാരങ്ങളിൽ മില്ലുടമയ്ക്ക് അനുകൂലമായിട്ടാണ് മിക്ക തീരുമാനങ്ങളുമുണ്ടായിട്ടുള്ളത്. സപ്ലൈകോ മില്ലുടമയ്ക്കെതിരെ ക്രമക്കേടും വഞ്ചനയും ആരോപിച്ച് കൊണ്ട് അമ്പലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് (CC 1395 of 2015) ഫയൽ ചെയ്തിരുന്നുവെങ്കിലും ബഹു. ഹൈക്കോടതി Crl.M.C.No. 1667/2016 നമ്പർ കേസിന്മേൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ, തെളിവുകളുടെ അഭാവത്തിൽ മില്ലുടമ ക്രമക്കേട് നടത്തിയിട്ടില്ലെന്ന് നിരീക്ഷിച്ചിട്ടുള്ളതും മജിസ്ട്രേറ്റ് കോടതിയുടെ നടപടിക്രമം അസ്ഥിരപ്പെടുത്തിയിട്ടുള്ളതുമാണ്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് കൊണ്ട് നിയമ വകുപ്പിന്റെ അഭിപ്രായ പ്രകാരം ശ്രീ. ദേവസ്യാ ജോസഫിനെതിരെ സപ്ലൈകോ ജില്ലാ വാണിജ്യ കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള അപ്പീൽ പിൻവലിച്ച് MSEFC വിധി നടപ്പിലാക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദ്ദേശം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.എം. അലി അസ്ഗർ പാഷ ഐ.എ.എസ്**
ഗവൺമെന്റ് സെക്രട്ടറി

പകർപ്പ്:-
ശ്രീ. ദേവസ്യാ ജോസഫ്, പടിഞ്ഞാറെ പറമ്പിൽ, സനാതനപുരം പി.ഒ.,
കളർകോട്, ആലപ്പുഴ.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
പൊതുവിതരണ ഉപഭോക്തൃ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (20.07.2022 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം.926 പ്രകാരം)
നിയമവകുപ്പ് / ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (753046/സി1/2016/F&CSD)

ഉത്തരവിൻ പ്രകാരം
Signed by Prasanth G S
Date: 23-07-2022 15:33:30
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്
ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
നിയമവകുപ്പ് മന്ത്രിയുടെ പി.എസ്സിന്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
നിയമവകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
വ്യവസായ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറി I ന്റെ സി.എ.യ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 20-07-2022

ഫയൽ നം. 753046/സി1/2016/ഭ.പൊ.വി.വ. ഇനം നം: 926

വിഷയം : ഭക്ഷ്യ-പൊതുവിതരണ വകുപ്പ് - നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയും മില്ലുടമയും തമ്മിലുള്ള കരാർ ലംഘനം മൂലമുള്ള ബാധ്യത - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. പത്ത് വർഷത്തോളം മുമ്പ്, അതായത് 2012-13 കാലഘട്ടത്തിലാണ് നെല്ല് സംഭരണം നടന്നത്. സപ്ലൈകോയും മില്ലുടമയും തമ്മിൽ തുടർച്ചയായുണ്ടായ വ്യവഹാരങ്ങളിൽ മില്ലുടമയ്ക്ക് അനുകൂലമായിട്ടാണ് മിക്ക തീരുമാനങ്ങളുമുണ്ടായിട്ടുള്ളത്. സപ്ലൈകോ മില്ലുടമയ്ക്കെതിരെ ക്രമക്കേടും വഞ്ചനയും ആരോപിച്ചു കൊണ്ട് അമ്പലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് (CC 1395 of 2015) ഫയൽ ചെയ്തിരുന്നുവെങ്കിലും ബഹു. ഹൈക്കോടതി Crl. M.C. No. 1667/2016 നമ്പർ കേസിന്മേൽ 26.08.2017-ലെ ഉത്തരവിൽ, തെളിവുകളുടെ അഭാവത്തിൽ മില്ലുടമ ക്രമക്കേട് നടത്തിയിട്ടില്ലെന്ന് നിരീക്ഷിച്ചിട്ടുള്ളതും മജിസ്ട്രേറ്റ് കോടതിയുടെ നടപടിക്രമം അസ്ഥിരപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് കുറിപ്പിലെ നിർദ്ദേശം (2) അംഗീകരിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 753046/സി1/2016/ഭ.പൊ.വി.വ |
| 2. | വകുപ്പ് | ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ് |
| 3. | വിഷയം | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയും മില്ലുടമയും തമ്മിലുള്ള കരാർ ലംഘനം മൂലമുള്ള ബാധ്യത സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | 28.06.2022 |
| 5. | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി .ജെസ്സി ജോർജ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. അലി അസ്ഗർ പാഷ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.07.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.07.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ.ജി.ആർ. അനിൽ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12.07.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13.07.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

വികേന്ദ്രീകൃത ധാന്യ സംഭരണ സമ്പൂർണ പദ്ധതിയുടെ 2012-13 സീസണിൽ നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി സപ്ലൈകോയ്ക്ക് നൽകുന്നതിൽ സെന്റ് തോമസ് മോഡേൺ റൈസ് മിൽ ഉടമ ശ്രീ. ദേവസ്യ ജോസഫ് വരുത്തിയ വീഴ്ചയിന്മേൽ സപ്ലൈകോയ്ക്ക് ഉണ്ടായ നഷ്ടം അനുവദിച്ചു നൽകുന്ന വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിച്ചിരിക്കുന്നത്.

(2) നിലവിൽ പാഡി പ്രൊക്യൂർമെന്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ നിന്നും സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള പ്രോത്സാഹന ബോണസ് ഉപയോഗിച്ചാണ് സപ്ലൈകോ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. ടി നെല്ല് എംപാനൽ ചെയ്ത മില്ലുകൾക്ക് സപ്ലൈകോയുമായി ഏർപ്പെട്ട കരാർ പ്രകാരം നൽകുകയും കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥ പ്രകാരം 100 കിലോയ്ക്ക് 68% എന്ന നിരക്കിൽ, നിശ്ചിത സമയപരിധിക്കുള്ളിൽ സപ്ലൈകോയ്ക്ക് അരി തിരികെ നൽകുവാൻ മില്ലുടമകൾ ബാധ്യസ്ഥരാണ്. 2012-13 കാലഘട്ടത്തിലെ രണ്ടാം സീസണിൽ ശ്രീ. ദേവസ്യ ജോസഫിന്റെ ഉടമസ്ഥതയിലുള്ള സെന്റ് തോമസ് മോഡേൺ റൈസ് മിൽ ഉടമ 13,455.88 ക്വിന്റൽ നെല്ല് സംഭരിക്കുകയുണ്ടായി. സപ്ലൈകോയും ശ്രീ. ദേവസ്യ ജോസഫുമായുള്ള കരാർ പ്രകാരം 9150 ക്വിന്റൽ കുത്തരി (68%) സപ്ലൈകോയ്ക്ക് തിരികെ നൽകേണ്ടിയിരുന്നു. എന്നാൽ ടി മില്ലുടമ 3158.30 ക്വിന്റൽ (23.5%) അരി നൽകാൻ ബാക്കിവച്ച് 5991.70 ക്വിന്റൽ അരി മാത്രമാണ് സപ്ലൈകോയ്ക്ക് തിരികെ നൽകിയത്.

(3) കരിനിലങ്ങളിൽ നിന്നുമാണ് നെല്ല് സംഭരിച്ചതെന്നും അതിനാൽ 100 കിലോ ഗ്രാം നെല്ലിന് കരാർ പ്രകാരമുള്ള 68% അരിയ്ക്ക് പകരം 53% അരി മാത്രമാണ് നെല്ല് സംസ്കരണത്തിലൂടെ ലഭിച്ചതെന്നുമാണ് മില്ലുടമയുടെ വാദം. എന്നാൽ നെല്ല് സംഭരണ സമയത്തോ സംസ്കരിക്കുന്ന സമയത്തോ നെല്ലിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് യാതൊരുവിധ ആക്ഷേപങ്ങളും മില്ലുടമ ഉന്നയിച്ചിരുന്നില്ല. അതേ പാടശേഖരങ്ങളിൽ നിന്നും നെല്ല് സംഭരിച്ച കീർത്തി ആഗ്രോമിൽ പ്രൈവറ്റ് ലിമിറ്റഡ്, എസ്.എൻ. റൈസ് മിൽ എന്നീ മില്ലുകൾ കരാർ പ്രകാരമുള്ള 68% അരി നല്കിയതായി സപ്ലൈകോ സി.എം.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്കരിച്ച അരി തിരികെ ലഭ്യമാക്കേണ്ട തീയതി കഴിഞ്ഞ ശേഷമാണ് നെല്ലിന്റെ ഗുണനിലവാരം കുറവാണെന്ന പരാതി മില്ലുടമ നൽകിയത്. കരിനിലങ്ങളിൽ നിന്ന് സംഭരിച്ച നെല്ലിന്റെ ഗുണനിലവാരം കുറവാണെന്ന് മുൻ പാഡി മാർക്കറ്റിംഗ് ഓഫീസർ 19.10.2013 നും തകഴി കൃഷി ഓഫീസർ 22.10.2013 നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അരി തിരികെ നൽകേണ്ട കാലാവധിയും അവസാനിച്ച ശേഷമുള്ള തീയതികളിലാണ് ടി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. എന്നാൽ മില്ലുടമ അവകാശപ്പെടുന്ന 53% അരി പോലും സപ്ലൈകോയ്ക്ക് തിരികെ നൽകിയതായി കാണുന്നില്ല.

(4) ഇക്കാര്യത്തിന്മേൽ അന്നത്തെ ആലപ്പുഴ ജില്ലാ കളക്ടറായിരുന്ന ശ്രീ.വേണുഗോപാൽ IAS ലഭ്യമാക്കിയിരിക്കുന്ന റിപ്പോർട്ട് പ്രകാരം കരിനിലങ്ങളിലെ ഗുണനിലവാരം കുറഞ്ഞ നെല്ല് സംഭരിക്കുന്നതിന് മില്ലുടമകളിന്മേൽ സമ്മർദ്ദം ചെലുത്താറുണ്ടെന്നും അപ്രകാരം സെന്റ് തോമസ് മോഡേൺ റൈസ് മിൽ ഉടമയായ ശ്രീ. ദേവസ്യാ ജോസഫിന്മേലും സമ്മർദ്ദം ചെലുത്തിയിട്ടുണ്ടാകാമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് കരിനിലങ്ങളിലെ ഗുണം കുറഞ്ഞ നെല്ല് എടുത്ത് സഹായിക്കുവാൻ മിൽ ഉടമ ശ്രീ.ദേവസ്യാ ജോസഫ് സഹകരിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) സപ്ലൈകോയുടെ വിജിലൻസ് ഓഫീസർ 30.09.2013 -ൽ ടി മിൽ പരിശോധിച്ച് 'No Stock' എന്ന് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അക്കാലത്തെ പാഡി മാർക്കറ്റിംഗ് ഓഫീസർ 07.10.2013 -ൽ ടി മിൽ പരിശോധിച്ച് 3 batch (600 quintal) അരി പരിശോധനയ്ക്ക് സജ്ജമാണെന്ന് record ചെയ്തിരുന്നുവെങ്കിലും ടി പാഡി മാർക്കറ്റിംഗ് ഓഫീസർ അത് സിസ്റ്റത്തിൽ അപ് ലോഡ് ചെയ്തില്ല. നിലവിലുണ്ടായിരുന്ന സോഫ്റ്റ് വെയർ പ്രകാരം സിസ്റ്റത്തിൽ അപ് ലോഡ് ചെയ്താലേ സപ്ലൈകോയ്ക്ക് അരി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. സപ്ലൈകോയുടെ വിജിലൻസ് ഓഫീസർ വീണ്ടും 19.10.2013 -ൽ ടി മിൽ പരിശോധിച്ച് വീണ്ടും 'No Stock' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുട്ടനാട് പാഡി മാർക്കറ്റിംഗ് ഓഫീസറും റേഷനിംഗ് ഇൻസ്പെക്ടറും ടി മിൽ 31.10.2013 -ൽ വീണ്ടും പരിശോധിക്കുകയും അവിടെ ഉണ്ടായിരുന്ന 50 കിലോയുടെ 400 ചാക്ക് അരി അടങ്ങിയ 31, 32 & 33 ബാച്ചുകളിൽ യഥാക്രമം 362, 364, 364 ചാക്കുകളായി കുറഞ്ഞുവെന്നും കണ്ടെത്തിയിരുന്നു. ബഹു. മുൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ ഉത്തരവനുസരിച്ച് നെല്ല് സംഭരണത്തിന്റെ ചുമതലയുള്ള മാനേജർ ശ്രീ. രഘുനാഥിനെ, അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 01/02/2018 ലെ സ.ഉ.(സാധാ) നം. 43/2018/ഭ.പൊ.വി.വ പ്രകാരം OTR 64.5% എന്ന് നിജപ്പെടുത്തിയ ശേഷമുള്ള ശ്രീ. ദേവസ്യാ ജോസഫിന്റെ ആകെ ബാധ്യത 49,93,338/-രൂപ മാത്രമാണ്.

(6) കരാർ പ്രകാരമുള്ള അരി തിരികെ നൽകാത്തതിനാൽ മില്ലുടമ **98,31,787.90 രൂപ** (കുറവ് വന്ന 3158.3 ക്വിന്റൽ അരിയുടെ വില) നഷ്ടം വരുത്തിയിട്ടുണ്ടെന്ന് അന്നത്തെ അരിയുടെ എക്കണോമിക് കോസ്റ്റ് പ്രകാരം സപ്ലൈകോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി നഷ്ടം നികത്തുന്നതിനായി സംഭരണ, സംസ്കരണ കൂലിയിനത്തിൽ മില്ലുടമയ്ക്ക് നൽകുവാനുള്ള **9,91,480** രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ടിയാൾ നിക്ഷേപിച്ച **6,00,000** രൂപയും ബാങ്ക് ഗ്യാരണ്ടി ഇനത്തിലുള്ള **20,00,000** രൂപയും ചേർത്ത് ആകെ **35,91,480** രൂപ സപ്ലൈകോ ഈടാക്കിയിട്ടുണ്ട്. സപ്ലൈകോയ്ക്ക് **62,40,307** രൂപ മില്ലുടമ ബാക്കി നൽകാനുണ്ട്. മില്ലുടമയിൽ നിന്ന് പിടിച്ച് വച്ച തുക തിരികെ ലഭ്യമാക്കുന്നതിന് Micro and Small Enterprises Facilitation Council (MSEFC) ൽ IA 1/21 in OA 28/15 ഫയൽ ചെയ്യുകയും 25/07/2018 ലെ Award പ്രകാരം ടിയാന് അനുകൂലമായി വിധി സമ്പാദിക്കുകയുമുണ്ടായി. ആയത് മില്ലുടമ കരാർ പ്രകാരമുള്ള അരി നല്കാത്തതുകൊണ്ട്, **62,40,307/-** രൂപയുടെ

ബാധ്യത സപ്ലൈകോയ്ക്ക് ടിയാൻ കാരണമുണ്ടായി എന്ന വസ്തുത മറിച്ചുവച്ചാണ് 35,91,480/- രൂപ ലഭിക്കാനുണ്ട് എന്ന് കാണിച്ച് MSEFC മുമ്പാകെ OA 28/15 ഫയൽ ചെയ്ത് അനുകൂലമായി വിധി ടിയാൻ സമ്പാദിച്ചിട്ടുള്ളത്.

(7) ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി 23.08.2017 ൽ ഉത്തരവായതിൻ പ്രകാരം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി കരട് കുറിപ്പ് സഹിതം ഫയൽ സമർപ്പിച്ചപ്പോൾ, വിഷയം സാമ്പത്തിക ബാധ്യതയുള്ളതാകയാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം സമർപ്പിക്കുവാൻ അന്നത്തെ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചതിൻ പ്രകാരം ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും, ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

**"Administrative Department is requested to retransmit the file with recommendation from appropriate level with clarification in their position after conducting proper enquiry and determining the issue.**

This has the approval of the Hon'ble Minister (Finance)"

(8) ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിശദാംശങ്ങൾ സഹിതം ഫയൽ വീണ്ടും ടി വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. അതേ സമയം ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.08.2018 ന് യോഗം ചേരുകയും പ്രസ്തുത യോഗ തീരുമാന പ്രകാരം 2012-13 സീസണിലെ നെല്ലിന്റെ താങ്ങുവിലയ്ക്ക് അനുസരിച്ച് ലഭ്യമാക്കിയ അരിയുടെ നെല്ല് കുറച്ച ശേഷമുള്ള നെല്ലിന്റെ വില കണക്കാക്കി ശ്രീ.ദേവസ്യാ ജോസഫിന്റെ യഥാർത്ഥ ബാധ്യത നിശ്ചയിച്ച് നൽകാൻ സപ്ലൈകോയെ ചുമതലപ്പെടുത്തുകയും ടിയാന്റെ ബാധ്യത സംബന്ധിച്ച വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലുള്ള ഫയൽ തിരികെ വിളിച്ച് മേൽകാര്യങ്ങൾ കൂടി ഉൾപ്പെടുത്തി അനുകൂല നടപടി സ്വീകരിക്കുന്നതിന് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(9) ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരമുള്ള അഭിപ്രായ സഹിതം ഫയൽ മടക്കി നല്കി.

**"Administrative Department is requested to take action in accordance with the decision of the meeting presided over by Hon'ble Minister for Food & Civil Supplies held on 14.08.2018.**

**This has the approval of the Hon'ble Minister (Finance)"**

10) 23.08.2017 ലെ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ തീരുമാനം എടുക്കുന്നതിനായി വീണ്ടും മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി 03.11.2018 ന് കരട് കുറിപ്പ് സഹിതം ഫയൽ സമർപ്പിച്ചിരുന്നു. എന്നാൽ പരാതിക്കാരിന്റെ ബാധ്യതയിന്മേൽ വ്യക്തത

വരുത്തുന്നതിന് ധനകാര്യ വകുപ്പുമായി കൂടി ആലോചിക്കുന്നതിനായി കരട് കുറിപ്പ് മുൻ ചീഫ് സെക്രട്ടറി മടക്കി നല്കി.

അതേതുടർന്ന് ധനകാര്യ വകുപ്പ് നല്കിയിട്ടുള്ള അഭിപ്രായം ചുവടെ ചേർക്കുന്നു.

**" സപ്ലൈകോ പരാതിക്കാരനായ ശ്രീ. ദേവസ്യാ ജോസഫിന് 36,49,162/- രൂപയും, 01.10.2013 മുതൽ പ്രസ്തുത വിധി വന്ന 25.07.2018 വരെയുള്ള കാലയളവ് കണക്കാക്കി RBI നിരക്കിന്റെ 3 ഇരട്ടി കൂട്ടുപലിശയും നൽകണമെന്നാണ് കേസിൽ തീർപ്പായത്. ഈ തുകയ്ക്ക് വ്യക്തത വരുത്തിയും, കൂടാതെ ചീഫ് സെക്രട്ടറി നിശ്ചയിച്ച് പ്രകാരം തീർപ്പുണ്ടാകുന്ന വിഷയം സപ്ലൈക്കോയ്ക്ക് വരുന്ന ബാധ്യത വ്യക്തമാക്കിയും ഫയൽ സമർപ്പിക്കുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."**

11) ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള വിവരങ്ങൾ സഹിതം ഫയൽ വീണ്ടും ടി വകുപ്പിന് നൽകിയപ്പോൾ ചുവടെ ചേർക്കും പ്രകാരമുള്ള അഭിപ്രായം രേഖപ്പെടുത്തി ഫയൽ മടക്കി നല്കി.

**" MSEFC യുടെ 25.07.2018 ലെ അവാർഡിനെതിരെ സപ്ലൈകോ ഫയൽ ചെയ്ത WP(C) No. 30844/2018 മേൽ ബഹു. ഹൈക്കോടതിയുടെ 08.04.2019 ലെ വിധി പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് MSEFC ഈ കേസ് തീർപ്പാക്കിയശേഷം ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ ലഭ്യമാക്കുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു. "**

12) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയും മില്ലുടമകളും തമ്മിലുള്ള കരാർ വ്യവസ്ഥ (39) പ്രകാരം മില്ലുടമ സപ്ലൈകോയ്ക്ക് ഏതെങ്കിലും തരത്തിൽ നഷ്ടം വരുത്തിയാൽ ആയത് സംസ്കരണക്കൂലി/ഗതാഗത ചെലവ്, ബാങ്ക് ഗ്യാരന്റി, ഡെപ്പോസിറ്റ് എന്നിവയിൽ നിന്നും ഈടാക്കാവുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ദേവസ്യ ജോസഫിന്റെ ബാധ്യത ചുവടെ ചേർക്കും പ്രകാരം തിട്ടപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| **സംഭരിച്ച നെല്ല്** | - | **13455.88 ക്വിന്റൽ** |
| **തിരികെ നൽകേണ്ട കുത്തരി** | - | **9150 ക്വിന്റൽ** |
| **തിരികെ നൽകിയ അരി** | - | **5991.70 ക്വിന്റൽ** |
| **ബാക്കി നൽകുവാനുള്ള അരി** | - | **3158. 30 ക്വിന്റൽ** |
| **കുറവ് വന്ന 3158.30 ക്വിന്റൽ അരിയുടെ വിലയിലുള്ള നഷ്ടം** | - | **98,31,787.00/-** |
| **മില്ലുടമയുടെ സംസ്കരണകൂലി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, ബാങ്ക് ഗ്യാരന്റി തുക എന്നിവയിലൂടെ ഈടാക്കിയത്** | - | **35,91,480.00/-** |
| | | ------------------ |
| **കരാർ പ്രകാരം നഷ്ടം വരുത്തിയ ഇനത്തിൽ സപ്ലൈകോയ്ക്ക് ലഭിക്കുവാനുള്ള തുക** | - | **62,40,307.00/-** |

13) ശ്രീ. ദേവസ്യാ ജോസഫ് സപ്ലൈകോയ്ക്കെതിരെ MSEF കൗൺസിലിൽ ഫയൽ ചെയ്തിട്ടുള്ള IA2/2021 in O.A 28/15 നമ്പർ കേസിൽ കൗൺസിൽ പുറപ്പെടുവിച്ച 09.09.2021 ലെ വിധി പ്രകാരം , പരാതിക്കാരനായ ശ്രീ. ദേവസ്യാ ജോസഫ് 36,99,162/- രൂപയും 01.10.13 മുതൽ ആർ.ബി.ഐ നിശ്ചയിച്ചിട്ടുള്ള ബാങ്ക് റേറ്റിന്റെ മൂന്നിരട്ടി കൂട്ടുപലിശയും ഉൾപ്പെടെ അനുവദിച്ച നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി വിധിക്കെതിരെ ജില്ലാ കോടതിയിൽ അവാർഡ് തുകയുടെ 75% കെട്ടി വച്ച് അപ്പീൽ ഫയൽ ചെയ്യുന്നതിന് നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയ്ക്ക് സർക്കാർ അനുമതി നൽകുകയും ആയതിനെ തുടർന്ന് സപ്ലൈകോ അപ്പീൽ OP (Arb) 98/2021 ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*" This file has been forwarded seeking Scope of Appeal against award passed by MSEFC in IA No. 02/2021 OA No. 28/2015 dated 09.09.2021.*

*In IA No. 02/2021 OA No. 28/2015 MSEFC by its award dated 09.09.2021 held that respondent is liable to pay an amount of Rs. 36,49,162/- along with compound interest to applicant. According to Section 18(3) MSMED Act where in it is specified that the provision of the Arbitration and Conciliation Act, 1996, is applicable to the dispute taken by the Council for arbitration. In the instant case the MSEFC passed award through arbitration due to failure of conciliation between parties by the council. The Council is bound to follow the provision of Arbitration and Conciliation Act 1996 in desiding awards. Arbitration Tribunal while deciding the award shall in all cases take in to account the terms of Contract and trade usages applicable to the transaction. In the instant case the council has not given due consideration to the terms and conditions of the contract and completely neglected the argument put forward by the respondent and passed the award arbitrarily.*

Hence it is a fit case of appeal and administrative department shall prefer appeal against the awards passed by the MSEFC in IA No. 02/2021 OA No. 28/2015 dated 09.09.2021."

14) MSEFC യുടെ അവാർഡിനെതിരെ ജില്ലാ കോടതിയിൽ അവാർഡ്

തുകയുടെ 75% കെട്ടി വച്ച് അപ്പീൽ ഫയൽ ചെയ്യുന്നതിന് നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയ്ക്ക് സർക്കാർ അനുമതി നൽകുകയും ആയതിനെ തുടർന്ന് സപ്ലൈകോ അപ്പീൽ OP (Arb) 98/2021 ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി ഒ. പി.യിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

" There is no justification on the part of the Council in allowing the entire claim. Even if it is assumed that the applicant comes within the purview of supplier and the respondent comes under the definition of buyer the claimant is entitled to get only processing and transportation charges amounting to Rs. 10,49,162/-. Hence the council committed serious error in allowing the claim as such including the security deposit and Bank Guarantee appropriated by Supplyco towards the amounts due from the applicant in terms of the agreement."

15) സപ്ലൈകോയും മില്ലുടമയായ ശ്രീ. ദേവസ്യാ ജോസഫും തമ്മിലുള്ള കരാർ ലംഘനത്തിന്മേൽ തീരുമാനമെടുക്കുന്നതിന്മേൽ MSEFC യുടെ അധികാര പരിധി സംബന്ധിച്ച് സപ്ലൈകോ ഫയൽ ചെയ്തിട്ടുള്ള OP (Arb) 98/2021 ലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"As per the amendment brought to sub section 3 of section 28 of principle Act by the Arbitration and concilliation amendment Act, it is pointed out that relationship between the respondentant and petitioner is purely contractual and breach of contract does not comes with in the purview of MSMED Act."

16) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡും മില്ലുടമയുമായ ശ്രീ. ദേവസ്യാ ജോസഫും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ ലംഘനം മൂലം സപ്ലൈകോയ്ക്കുണ്ടായ നഷ്ടം സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണ്.

**തീരുമാനിക്കേണ്ട വിഷയം**

1. ശ്രീ. ദേവസ്യാ ജോസഫിന് മൈക്രോ സ്മോൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ (MSEFC) അനുവദിച്ച അവാർഡ് തുകയുടെ 75% തുകയായ 77,10,420/- രൂപ കെട്ടിവച്ച് സപ്ലൈകോ ജില്ലാ വാണിജ്യകോടതിയിൽ ഫയൽ ചെയ്ത അപ്പീൽ ഒ.പി.(എ.ആർ.ബി 98/2021) കോടതിയുടെ പരിഗണനയിൽ ആയതുകൊണ്ട് അപ്പീലിന്റെ വിധി വരുന്നതുവരെ കാത്തിരിക്കാമോ?

(അഥവാ)

2. നിയമ വകുപ്പിന്റെ അഭിപ്രായ പ്രകാരം ശ്രീ. ദേവസ്യാ ജോസഫിനെതിരെ സപ്ലൈകോ ജില്ലാ വാണിജ്യ കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള അപ്പീൽ പിൻവലിച്ച് MSEFC വിധി നടപ്പിലാക്കാവുന്നതാണോ?

(അഥവാ)

3. സപ്ലൈകോയും പരാതിക്കാരനായ ശ്രീ. ദേവസ്യാ ജോസഫിനും സ്വീകാര്യമായ രീതിയിൽ കോടതിയ്ക്ക് പുറത്ത് ഒത്തുതീർപ്പുണ്ടാക്കുന്നതിന് സപ്ലൈകോ മാനേജിംഗ് ഡയറക്ടറും ഭക്ഷ്യ പൊതുവിതരണ വകുപ്പിലെയും നിയമ വകുപ്പിലെയും ധനകാര്യ വകുപ്പിലെയും ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറിമാർ അംഗങ്ങളായുള്ള സമിതിയെ ചുമതലപ്പെടുത്താവുന്നതാണോ?